## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പയ്യാമ്പലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ അറ്റകുറ്റ പണികളിലെ ക്രമക്കേട് സംബന്ധിച്ച ആരോപണം - വിജിലൻസ് അന്വേഷണ റിപ്പോർട്ട് - ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 815/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.03.2015

==================================================================

പരാമർശം:-
1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടറുടെ 19.12.2011 തീയതിയിലെ E13(VE 06/2010/KNR) 13373/2009 നമ്പർ കത്ത്.
2) 21.07.2012 തീയതിയിലെ 34662/ഇയു1/12/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) 21.07.2012 തീയതിയിലെ 34662/ഇയു1/12/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4) ശ്രീ. എൻ.വി. മുഹമ്മദലിയുടെ കാരണം കാണിക്കൽ നോട്ടീസിനുള്ള 01.07.2013 തീയതിയിലെ മറുപടി.
5) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. സി.കെ. ബലരാജിന്റെ 12.11.2013 തീയതിയിലെ പ്രതിവാദ പത്രിക.
6) നഗരകാര്യ ഡയറക്ടറുടെ 01.01.2014 തീയതിയിലെ വി2-12498/12.

### <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ പയ്യാമ്പലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ അറ്റകുറ്റ പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് നടത്തി അന്വേഷണത്തിൽ കണ്ണൂർ നഗരസഭയുടെ 118/2009, 162/2009 നമ്പർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ക്കൂളിൽ നടത്തിയ അറ്റകുറ്റ പണികളിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി അധിക തുകയായ യഥാക്രമം 50,293/- രൂപ, 1,24,004/- രൂപ കോൺട്രാക്ടർക്ക് നൽകിയതായും ഇത്തരത്തിൽ ആകെ 1,74,297/- രൂപ നഗരസഭാ സെക്രട്ടറി അധിക തുകയായി അനുവദിച്ചിട്ടുണ്ട് എന്നു കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരത്തിൽ വേണ്ടത്ര പരിശോധന നടത്താതെ അധിക തുക കോൺട്രാക്ടർക്ക് അനുവദിച്ചു നൽകിയ നഗരസഭാ സെക്രട്ടറിയുടെ നടപടിക്ക് നഗരസഭാ സെക്രട്ടറിയായിരുന്ന

ശ്രീ. ബി.കെ. ബലരാജിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കൂടാതെ കണ്ണൂർ നഗരസഭയുടെ 162/2009 നമ്പർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ക്കൂളിൽ നടത്തിയ അറ്റകുറ്റ പണികളിൽ 1,24004/- രൂപ അധിക തുക നൽകിയതായും CC I[st] മാത്രമായി തുടർന്നു വന്ന ജോലിക്ക് 6,20,039/- രൂപ പാർട്ട് ബിൽ നൽകിയതായും കണ്ടെത്തിയിരുന്നു. പ്രസ്തുത പ്രോജക്ടിൽ അനധികൃതമായി പുതുക്കിയ എസ്റ്റിമേറ്റ് ശുപാർശ ചെയ്തതിൽ നഗരസഭാ സെക്രട്ടറിയുടെ പി.എ. ആയിരുന്ന ശ്രീ. എൻ. വി. മുഹമ്മദാലിക്കെതിരായ നടപടി കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 59 (b) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 50/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് ടിയാന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

ശ്രീ. എൻ.വി. മുഹമ്മദലി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (4) പ്രകാരം മറുപടിയും കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ബി.കെ. ബലരാജ് പരാമർശം (5) പ്രകാരം പ്രതിവാദ പത്രികയും സമർപ്പിച്ചിരുന്നു. സ്ക്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റ പണികളുടെ നടത്തിപ്പും മേൽനോട്ടവും, എഞ്ചിനീയറിംഗ് വിഭാഗത്തിലാണെന്നും ആയതിനാൽ മരാമത്തുപണികളുടെ നടത്തിപ്പ് ഒന്നാം ഗ്രേഡ് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്തുവാൻ ബാദ്ധ്യസ്ഥരാണെന്നിരിക്കെ ടി ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷമാണ് ടിയാൻ ബിൽ തുക പാസ്സാക്കിയിട്ടുള്ളതെന്ന് ശ്രീ. എൻ.വി. മുഹമ്മദാലി വ്യക്തമാക്കിയിട്ടുള്ളതായും ശ്രീ.ബി.കെ. ബലരാജ് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ മുഴുവൻ പ്രവർത്തികളുടെയും സ്ഥലപരിശോധന നടത്തി ബില്ലുകൾ പാസ്സാക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടെന്നും 1998 മുതൽ മുനിസിപ്പൽ സെക്രട്ടറി ആയി സേവനമാരംഭിച്ചിട്ടുള്ള ടിയാന്റെ മുൻകാല പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ടി വിഷയം സംബന്ധിച്ചുള്ള വീഴ്ച ബോധപൂർവ്വമല്ലാതെ സംഭവിച്ചുപോയതാകയാൽ ആയത് മാപ്പാക്കി ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ കണ്ണൂർ നഗരസഭാ സെക്രട്ടറി ശ്രീ. ബി.കെ. ബാബുരാജ്, നഗരസഭാ മുൻ പേഴ്സണൽ അസിസ്റ്റന്റ് ശ്രീ.എൻ.വി. മുഹമ്മദാലി എന്നിവർ ബോധപൂർവ്വം ഗവൺമെന്റ് പണം അപഹരിക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സംഖ്യ മാറി

നൽകിയ പദ്ധതി മറ്റൊരു പേരിൽ ഭരണാനുമതിക്കായി മുനിസിപ്പൽ ഭരണ സമിതി മുമ്പാകെ സമർപ്പിച്ചതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ പരിശോധന നടത്തുന്നതിനും അളവുകൾ തിട്ടപ്പെടുത്തുന്നതിനും അധികാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടായിരിക്കെ അധികാരമില്ലാത്ത ഓവർസിയർക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല നൽകി പരിശോധന നടത്തിച്ച് ഇല്ലാത്ത അളവുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള ബിൽ സംഖ്യ മാറുന്നതിന് കൂട്ടു നിൽക്കുകയും ചെയ്തിട്ടുള്ളതാണെന്ന് വെളിവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ കുറ്റാരോപിതരായ മുൻ കണ്ണൂർ നഗരസഭാ സെക്രട്ടറി ശ്രീ. ബി.കെ. ബലരാജിനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ രണ്ടു വർഷത്തേക്ക് തടഞ്ഞുകൊണ്ടും കണ്ണൂർ നഗരസഭയിലെ പി.എ. ടു സെക്രട്ടറിയായിരുന്ന ശ്രീ.എൻ.വി. മുഹമ്മദാലിക്കെതിരായ നടപടി കെ.എസ്.ആർ. ഭാഗം III ചട്ടം 59(b) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും പ്രതിമാസം 50 രൂപ വീതം സ്ഥിരമായി കുറവ് ചെയ്യാവുന്നതാണെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. ബി.കെ. ബലരാജ്, സെക്രട്ടറി, കോഴിക്കോട്
ശ്രീ. എൻ. വി. മുഹമ്മദലി, റിട്ട. ഡെപ്യൂട്ടി സെക്രട്ടറി
എച്ച്.കെ. ഹൗസ്, പെരിങ്ങാടി പി.ഒ., ന്യൂമാഹി, കണ്ണൂർ ജില്ല - 673312.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**